# ജൽസാസാലാന യു.കെ; ഒരുക്കങ്ങൾ തുടങ്ങി

ഇവിടെ ഇപ്പോൾ അഹ്മദികളെല്ലാവരും വളരെ സന്തോഷത്തിലാണ്. അൽഹംദുലില്ലാഹ്. ഇൻശാഅല്ലാഹുതആല, അടുത്ത വെള്ളിയാഴ്ച മറ്റൊരു ജൽസയുടെയും അനുഗ്രഹങ്ങൾ കാണിക്കാനുള്ള സാഹചര്യം അല്ലാഹു ഒരുക്കുകയാണ്. ബ്രിട്ടനിലെ പുരുഷന്മാരും സ്ത്രീകളും ഈ ജൽസയുടെ ഒരുക്കങ്ങളിൽ മുഴുകിയിരിക്കുകയാണ്. ജൽസയുടെ അനുഗ്രഹങ്ങൾ ലഭിക്കുന്നതിനായി, അവരിൽ വലിയൊരു വിഭാഗം തയ്യാറെടുപ്പുകൾ നടത്തിക്കൊണ്ടിരിക്കുന്നു. ഇതിനുവേണ്ടി പ്രവർത്തിക്കുന്ന പ്രവർത്തകരുടെ എണ്ണവും ഒരുപാട് വർദ്ധിച്ചുകഴിഞ്ഞിരിക്കുന്നു. പുരുഷന്മാരും സ്ത്രീകളും കുട്ടികളുമടക്കം ഇതിനായി പ്രവർത്തിക്കുന്നവരുടെ എണ്ണം ഏകദേശം 5000മാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികൾക്ക് സേവനം ചെയ്യാൻ തങ്ങളെ സമർപ്പിച്ചിട്ടുള്ളവരാണിവർ. എത്രയും വേഗം ജൽസയുടെ ഡ്യൂട്ടികൾ ആരംഭിക്കുകയും തങ്ങൾക്ക് ഈ ഡ്യൂട്ടികൾ നിർവ്വഹിക്കാൻ അവസരം കിട്ടുകയും പ്രതിഫലം കരസ്ഥമാക്കുന്നവരായിത്തീരുകയും ചെയ്യണമെന്ന ചിന്തയിലാണവരുള്ളത്. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളെയാണ് അവർ സേവിക്കുന്നത്. തങ്ങളുടെ ആത്മീയവും വൈജ്ഞാനികവും സ്വഭാവപരവുമായ ഉന്നമനത്തിനും അല്ലാഹുവിന്റെ മതത്തിന്റെ കാര്യങ്ങൾ കേൾക്കുന്നതിനുമാണ് അവർ ഇവിടെ കൂടിച്ചേരുന്നത്. എന്തായാലും അവരെ സേവിക്കുന്നവരിൽ കുട്ടികളും സ്ത്രീകളും പ്രവർത്തനപരിചയമുള്ള പ്രായംചെന്നവരുമുണ്ട്. ഓരോരുത്തരും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ ദിനങ്ങളിൽ ഒന്നുപോലെ ആവേശഭരിതരായിരിക്കുന്നു. പുതിയ ജൽസാഗാഹിൽ വഖാറെ അമൽ അത്യുത്സാഹത്തോടെ നടന്നുവരികയാണ്.

ജൽസാ ആരംഭിക്കുകയും തങ്ങളുടെ യഥാർത്ഥ പ്രവർത്തനം തുടങ്ങുകയും ചെയ്യുന്ന ആ സമയം പ്രതീക്ഷിച്ചിരിക്കുകയാണവർ. കാരണം ചില പ്രവർത്തനങ്ങൾ ജൽസയോടുകൂടിയാണ് ആരംഭിക്കുന്നത്. ഇപ്രകാരം സേവനം ചെയ്ത് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരായിത്തീരണമെന്ന ഉൽക്കടമായ ആഗ്രഹമാണ് എങ്ങും. ചില പ്രവർത്തനങ്ങൾ ഞാൻ പറഞ്ഞതുപോലെ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ജൽസാഗാഹിലെ തയ്യാറെടുപ്പുകളാണ് ആദ്യമേ ആരംഭിക്കുന്നത്. കുറച്ച് മറ്റന്നാൾ എല്ലാ തയ്യാറെടുപ്പുകളും പരിശോധിച്ച് നോക്കിയതിനുശേഷം തുടങ്ങുന്നതാണ്. 100% പ്രവർത്തനവും ആരംഭിക്കുന്നത് ജൽസ ആരംഭിക്കുന്നതോടു കൂടിയായിരിക്കും. ജൽസയ്ക്ക് മുമ്പുള്ള ഈ ഖുത്ബയിൽ പൊതുവെ ബ്രിട്ടനിൽ വസിക്കുന്നവരോടും പ്രത്യേകിച്ച് ജൽസയ്ക്ക് ഡ്യൂട്ടി ചെയ്യാൻ തങ്ങളെ സമർപ്പിക്കുന്നവരോട്- അവരുടെ പ്രവർത്തനങ്ങളെക്കുറിച്ച് പറയാറുണ്ട്. അതായത്, നിങ്ങളിൽ അർപ്പിതമാകുന്ന ചുമതലകൾ എങ്ങനെ നിർവഹിക്കണമെന്നും എങ്ങനെ നിങ്ങൾ അതിഥികൾക്ക് ആതിഥ്യം നല്കണമെന്നും ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിളിയ്ക്ക് ഉത്തരം നല്കിക്കൊണ്ട് പരിശുദ്ധമായ ഉദ്ദേശ്യസാഫല്യത്തിനായി ആത്മീയവും ധാർമ്മികവുമായ ഉന്നമനത്തിനായി ഇവിടെ സമ്മേളിക്കുന്നവരോട് എങ്ങനെ പെരുമാറണമെന്നും പറയാറുണ്ട്. ഞാൻ പറഞ്ഞതുപോലെ, എല്ലാ പ്രവർത്തകരും ആവേശഭരിതരാണ്. തങ്ങളുടെ ചുമതലകൾ നല്ലവണ്ണം നിറവേറ്റാൻ തൗഫീഖ് കിട്ടുന്നതിനും അതിഥികൾക്ക് ഒരുതരത്തിലുള്ള വിഷമവും ഉണ്ടാകാതിരിക്കുന്നതിനും ജൽസയുടെ ഏർപ്പാടുകളെ ദോഷകരമായ നിലയിൽ ഒന്നും ബാധിക്കാതിരിക്കുന്നതിനും അങ്ങയ്ക്ക് വിഷമം ഉണ്ടാക്കുന്ന ഒന്നും തങ്ങളിൽനിന്ന് ഉണ്ടാകാതിരിക്കുന്നതിനുമായി കത്തെഴുതിയും അവർ ദുആക്ക്

അപേക്ഷിച്ചുകൊണ്ടിരിക്കുന്നു. കൂടിക്കാണുമ്പോൾ നേരിട്ട് ദുആക്ക് പറയുകയും ചെയ്യുന്നു.

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികൾക്ക് എന്തെങ്കിലും വിഷമമുണ്ടായാൽ എന്നെയായിരിക്കും അത് ഏറ്റവും കൂടുതൽ ബാധിക്കുക എന്നത് വ്യക്തമാണ്. അങ്ങനെയാണ് വേണ്ടതും. കാരണം യു.കെ.ജൽസയുടെ സങ്കല്പം, ഒരു കേന്ദ്ര ജൽസയുടേതായി മാറിക്കഴിഞ്ഞു. പാക്കിസ്ഥാനിൽനിന്ന് ഹിജറ ഉണ്ടായശേഷം ഈ ജൽസയിലാണ് മുടങ്ങാതെ കാലത്തിന്റെ ഖലീഫ പങ്കെടുക്കുന്നത്. ജനങ്ങൾ ഈ ചിന്തയോടും വിചാരത്തോടുംകൂടി ദൂരദൂര രാജ്യങ്ങളിൽനിന്ന് ഈ ജൽസയിൽ പങ്കെടുക്കാൻ വരുമ്പോൾ- ഉറക്കെ പ്രഖ്യാപിച്ചിട്ടില്ലെങ്കിൽത്തന്നെയും, ഇത് കേന്ദ്രജൽസ തന്നെയാണെന്നും ഖലീഫ ഇതിൽ പങ്കെടുക്കുന്നുവെന്നും ഖലീഫയുമായി കൂടുതൽ അടുക്കാൻ അവസരം ലഭിക്കുമെന്നുമുള്ള വിചാരത്തോടെ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ പ്രിയപ്പെട്ട അതിഥികൾ വരുമ്പോൾ അവരെ ആദരിക്കണം, അവർക്ക് നല്ലരീതിയിൽ ആതിഥ്യം നല്കണം എന്നത് വ്യക്തമാണ്. അവർക്ക് എന്തെങ്കിലും വിഷമം ഉണ്ടായാൽ അത് നമുക്കും അനുഭവപ്പെടണം. അതുകൊണ്ട്, വിഷമങ്ങളും ചിന്തകളും അകറ്റുന്നതിനായി, ജൽസയുടെ ഒരാഴ്ചത്തെ മുമ്പേയുള്ള ഖുത്ബയിൽ പ്രവർത്തകർക്ക് അവരുടെ ചുമതലകളെക്കുറിച്ച് പറഞ്ഞുകൊടുക്കാറുണ്ട്. ഇതുമുഖേന അവർക്ക് കൂടുതൽ സേവനം ഭംഗിയായി നിർവഹിക്കാൻ അവസരം ലഭിക്കുന്നു. മുൻപരിചയമുള്ള പ്രവർത്തകരും, പുതിയതായി വരുന്നവരും ഇതിൽ ഉൾപ്പെടുന്നുണ്ട്. പുതിയതായി വരുന്നവരിൽ അത്ഫാലും ഉണ്ടാകും. അല്ലെങ്കിൽ അത്ഫാലിൽനിന്ന് ഖുദ്ദാമിലേക്ക് പ്രവേശിച്ചിട്ടുള്ളവരും ഉണ്ടാകും. അവർക്കൊക്കെ അവരുടെ പ്രവർത്തനത്തെക്കുറിച്ച് പറഞ്ഞുകൊടുക്കേണ്ടതുണ്ട്.

പൊതുവേ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാ യുവാക്കളും ആൺകുട്ടികളും പെൺകുട്ടികളും പുരുഷന്മാരും തങ്ങളുടെ കടമകൾ നിറവേറ്റുന്നതിൽ അത്യുത്സുകരാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളെ സ്വീകരിക്കാനുള്ള അവസരം എപ്പോഴാണ് കിട്ടുക എന്ന പ്രതീക്ഷയിലാണവർ ഇരിക്കുന്നത്. പക്ഷേ പ്രവർത്തനത്തിന്റെ നിലവാരം ഉയർത്തുന്നതിനും, കുറവുകൾ പരിഹരിക്കുന്നതിനും ഓർമ്മപ്പെടുത്തൽ സഹായകമായിത്തീരാറുണ്ട്. അതുകൊണ്ട് ചുരുങ്ങിയനിലയിൽ ഒരു കാര്യത്തെക്കുറിച്ച് ഞാൻ പറയുന്നതാണ്. ഒരുപാട് കാര്യങ്ങളുണ്ട്. പക്ഷേ, ഈയൊരു കാര്യത്തിൽ എല്ലാ കാര്യങ്ങളും ഉൾപ്പെടുന്നതാണ്. ഇതു സംബന്ധമായി ഞാനെപ്പോഴും പറയാറുള്ള പ്രധാനപ്പെട്ട ഒരു കാര്യമാണ്, പല പ്രതീക്ഷകളുമായി വരുന്ന ചില അതിഥികളുണ്ട്. ആതിഥേയരുടേയോ പ്രവർത്തകരുടേയോ ഭാഗത്തുനിന്ന് തങ്ങൾക്ക് ഒരുതരത്തിലുള്ള ഉയർച്ചയും താഴ്ചയും ഉണ്ടാകരുതെന്ന് അവർ മനസ്സിലാക്കുന്നു. ചില അതിഥികൾ തെറ്റുകാരായിരുന്നിട്ടും തങ്ങൾ തെറ്റില്ലെന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കാറുണ്ട്. എന്നാൽ, ഒരു പ്രവർത്തകന്റെ, ഒരു ആതിഥേയന്റെ പ്രവൃത്തി, തന്റെ വികാരത്തെ നിയന്ത്രിച്ചുകൊണ്ട് ഏതു പരിതസ്ഥിതിയിലും അതിഥികളെ സേവിക്കുക എന്നതാണ്. വെറുപ്പിനുള്ള ഒരിടവും അവർക്ക് കൊടുക്കരുത്. ചില സന്ദർഭങ്ങളിൽ ഇതു വളരെ ദുഷ്ക്കരമായ പ്രവൃത്തിയാണ്. എന്നാൽ, ജൽസയിൽ വരുന്ന അതിഥികളെ സേവിക്കാനായി നിങ്ങൾ നിങ്ങളെ സമർപ്പണം ചെയ്തിരിക്കുന്ന സ്ഥിതിക്ക് നിങ്ങൾക്ക് ത്യാഗം ചെയ്യേണ്ടി വരുമെന്നത് വ്യക്തമാണ്. സ്വന്തം വികാരങ്ങളെ ത്യാഗം ചെയ്തുകൊണ്ട് ഈ ദുഷ്ക്കരമായ പ്രവൃത്തി ചെയ്യുമ്പോൾ, അല്ലാഹുവിന്റെ സന്നിധിയിൽ കൂടുതൽ പ്രതിഫലത്തിന് അർഹരായിത്തീരും. നാം, അതിഥിസൽക്കാരത്തിന്റെ അത്ഭുതകരമായ ഉന്നതനില നാട്ടിയിട്ടുള്ള നബി(സ)യെ വിശ്വസിച്ചവരാണ്. അവിടത്തെ സഹനവും ഉന്നതമായ ഉത്സാഹവും അതുല്യമാണ്. അത് നമുക്ക് നല്ല മാതൃകയാണ്. അവിടന്ന് തന്റെ സ്വഹാബത്തിനെ ഉപദേശിച്ചപ്പോൾ, അല്ലെങ്കിൽ നമുക്ക് ഉപദേശം നല്കിയപ്പോൾ അതിന്റെ ഉന്നതമായ മാതൃക അവിടന്ന് ചെയ്തുകാണിക്കുകയും ചെയ്തു.

ഒരു അമുസ്ലിമായ അതിഥി വരുന്നു. ഉറങ്ങുന്നു. കൂടുതൽ ഭക്ഷണം കഴിച്ചതിനാലോ മറ്റോ രാത്രി തനിക്ക് നിയന്ത്രിക്കാൻ പറ്റാത്ത അവസ്ഥയുണ്ടായി. അങ്ങനെ ബിസ്തർ മലീമസമാക്കി കടന്നുകളഞ്ഞു. അപ്പോൾ അവിടന്ന് വെറുപ്പ് പ്രകടിപ്പിച്ചില്ല. രാവിലെ ചെന്നപ്പോൾ അത് കണ്ടുടനെ സ്വയം കഴുകാൻ തുടങ്ങി. ഞാൻ പറയുകയുണ്ടാ

യി, അതൊരു അന്യനായിരുന്നു. ഏത് ഉദ്ദേശ്യത്തോടെയാണ് അത് ചെയ്തതെന്ന് അറിയില്ല. എന്നാൽ, അവിടന്ന് അയാളുടെ അസാന്നിധ്യത്തിലും അയാൾ എന്താണ് കാണിച്ചതെന്ന് പറഞ്ഞില്ല. സ്വഹാബത്ത് പറയുന്നു. ഞങ്ങൾ വൃത്തിയാക്കാമെന്ന് പറഞ്ഞിട്ടും അദ്ദേഹം എന്റെ അതിഥിയായിരുന്നുവെന്ന് പറഞ്ഞ് അവിടന്ന് സ്വയം അത് കഴുകി വൃത്തിയാക്കി.

ഈ ഉന്നതമായ സഹിഷ്ണുത അവിടന്ന് നമുക്കായി നിലനാട്ടിയിട്ടുള്ളത്, ആരാണോ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നത് അവൻ തന്റെ അതിഥിയെ ആദരിക്കുക എന്ന ഉപദേശമനുസരിച്ച് പ്രവർത്തിക്കാനാണ്. നിങ്ങൾക്ക് അതിഥിസൽക്കാരത്തിനുള്ള ഒരവസരം ഇപ്പോൾ കൈവരികയാണ്. ഈ അതിഥികൾ അല്ലാഹുവിനുവേണ്ടിയാണ് ഇവിടെ ഒത്തുചേരുന്നത്. അല്ലാഹുവിന്റെ ദീനിന്റെ കാര്യങ്ങൾ കേൾക്കാനും അല്ലാഹുവിന്റെ മസീഹ് അവരെ വിളിച്ചതുകൊണ്ടുമാണ് അവർ ഇവിടെ വരുന്നത്. വർഷത്തിലൊരിക്കൽ ഒത്തുചേരുകയും, അങ്ങനെ തങ്ങളുടെ ആത്മീയത മെച്ചപ്പെടുത്തുകയും ചെയ്യാനാണ് അവരെ വിളിച്ചിട്ടുള്ളത്. ആ അവിശ്വാസി ചെയ്തതുപോലുള്ള പ്രവൃത്തി ഇവരാരും ചെയ്യുകയില്ല. പക്ഷേ, ഏതെങ്കിലും അതിഥിയുടെ വികാരം തീവ്രമായ കാരണത്താൽ, അയാളുടെ വാക്കിൽനിന്ന് ഏതെങ്കിലും കഠിനപദം പുറപ്പെട്ടാൽത്തന്നെ, പ്രവർത്തകർ എപ്പോഴും വിട്ടുവീഴ്ചാമനോഭാവത്തോടെ പ്രവർത്തിക്കേണ്ടതാണ്. അവർ പറയുന്ന കാര്യങ്ങളെ അവജ്ഞയോടെ കാണരുത്. കാരണം അതുമുഖേന പ്രശ്നങ്ങൾ കൂടുതൽ വഷളായിക്കൊണ്ടിരിക്കും.

അതിഥികളാവട്ടെ, ആതിഥേയരാവട്ടെ, പുരുഷന്മാരാവട്ടെ, സ്ത്രീകളാവട്ടെ, എല്ലാ അഹ്മദികളിൽനിന്നും നല്ല പെരുമാറ്റം ഉണ്ടാകണമെന്നത് ശരിതന്നെയാണ്. പക്ഷേ, ഓരോരുത്തരുടേയും കർമ്മം അവരോടൊപ്പമാണ്. നിങ്ങൾ പ്രവർത്തകരാണ്, അതുകൊണ്ടാണ് നിങ്ങളോട് ഞാൻ പറയുന്നത്. ആതിഥേയരെ ഞാൻ പിന്നീട് ഉപദേശിക്കുന്നതാണ്. പ്രവർത്തകരായ നിങ്ങൾ ഈ ദിനങ്ങളിൽ കൂടുതൽ വിശാലഹൃദയത്തോടെ പെരുമാറേണ്ടതാണ്. സൽസ്വഭാവങ്ങളുടെ ഉന്നതമായ മാതൃക സ്ഥാപിച്ചുകാണിക്കേണ്ടതാണ്.

വിശുദ്ധഖുർആനിൽ അല്ലാഹു നമ്മോട് പറയുന്നു: ***ഖൂലൂ ലിന്നാസി ഹുസ്നാ***. ജനങ്ങളോട് നല്ലവാക്ക് പറയുക. (*2:84*) അല്ലാഹു ഇത് നമ്മളോട് പറഞ്ഞത് സൽസ്വഭാവങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഒരെളുപ്പവഴി എന്ന നിലയ്ക്കാണ്. ഇതൊരു പ്രത്യേകമായ അവസ്ഥയിലോ പ്രത്യേകമായ ആളുകളോട് ചെയ്യേണ്ടതല്ല. എപ്പോഴും എല്ലാവരും നല്ലരീതിയിൽ പെരുമാറേണ്ടതാണ്. ഇത്തരം അവസ്ഥയുണ്ടാകുമ്പോൾ സമൂഹത്തിൽ പരസ്പരമുള്ള ബന്ധം വളരുകയും വിശ്വാസത്തിൽ അഭിവൃദ്ധിപ്പെടുകയും ചെയ്യും. ഇത് പൊതുവായിട്ടുള്ള കല്പനയാകുമ്പോൾ, ഈ ദിനങ്ങളിൽ പ്രത്യേകിച്ച് ഈ കല്പനകൾ അധികമായി പാലിക്കേണ്ടതാണ്. അതുകൊണ്ട് പ്രവർത്തകർ എപ്പോഴും നല്ല സ്വഭാവത്തോടെ മറ്റുള്ളവരോട് പെരുമാറുക. ഈ ഉന്നതമായ സ്വഭാവത്തോടെ അതിഥിസൽക്കാരത്തിന്റെ കടമ നിറവേറ്റിക്കൊണ്ട് അവർ പ്രതിഫലം സമ്പാദിക്കുകയും ഇതവരുടെ വിശ്വാസത്തെ ദൃഢീകരിക്കുന്നതിന് കാരണമാകുകയും ചെയ്യുമ്പോൾ അത്തരം പ്രവർത്തകർ മറ്റുള്ളവരുടെ തെറ്റിനെ അതുപോലെ പ്രതികരിക്കാതിരുന്ന കാരണത്താൽ, മറ്റുള്ളവർക്കും അഹ്മദിസമൂഹം, സൗമ്യതയുടേയും, സന്തോഷത്തിന്റേയും സ്നേഹത്തിന്റേയും സമൂഹമാണെന്ന് ബോധ്യപ്പെടുന്നതിന് അത് കാരണമായിത്തീരും.

നമ്മൾ നമ്മുടെ തർബിയ്യത്തിനും അല്ലാഹുവിന്റെ കല്പനകൾ പഠിക്കുന്നതിനും അതനുസരിച്ച് പ്രവർത്തിക്കുന്നതിനും വേണ്ടിയാണ് ഇവിടെ സമ്മേളിച്ചിട്ടുള്ളത്. ക്രൂരമായ പെരുമാറ്റം പൂർണ്ണമായും നമ്മുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമാണ്. അതുകൊണ്ട് പ്രവർത്തകരായ നിങ്ങൾ, മൗനം പാലിച്ച് ദ്വേഷത്തിനുള്ള മറുപടി, സൗമ്യതയോടെയും ശരീരേച്ഛയെ നിയന്ത്രിച്ചുകൊണ്ടും സന്തോഷത്തോടെയും നല്കുമ്പോൾ അത് മറ്റുള്ളവർക്ക് തങ്ങളുടെ തെറ്റിനെക്കുറിച്ച് മനസ്സിലാക്കി തെറ്റ് തിരുത്തുന്നതിനുള്ള പ്രാവർത്തികമായൊരു മറുപടിയായിരിക്കും.

എല്ലാത്തിനെക്കാളുമുപരി ഉന്നതമായ സ്വഭാവങ്ങൾ കാഴ്ചവെക്കുന്നവരേയും സന്തോഷത്തോടെ പെരുമാറുന്നവരേയും കുറിച്ച് അല്ലാഹുവിന്റെ റസൂൽ(സ) പറഞ്ഞു: ***മാവിൻ ശയ്ഇൻ അസ്ഖലു ഫിൽ മീസാൻ***. അന്ത്യദിനത്തിൽ സത്യവിശ്വാസിയുടെ തുലാസിൽ സൽസ്വഭാവ

ത്തെക്കാൾ ഘനം തൂങ്ങുന്ന മറ്റൊന്നുമില്ല. സൽസ്വഭാവങ്ങളുടെ ഉടമസ്ഥൻ, അത് കാരണത്താൽ നമസ്കാരവും നോമ്പും കൃത്യമായി നിർവഹിക്കുന്നവരുടെ സ്ഥാനം പ്രാപിക്കുന്നു. കൃത്യമായ ഒരു നമസ്കാരക്കാരന്റെ സ്ഥാനം സൽസ്വഭാവം പ്രദാനം ചെയ്യുന്നു. നന്മ ചെയ്യാനുള്ള ഭാഗ്യം കിട്ടുന്നു. പിന്നീട് അല്ലാഹുവിനെക്കുറിച്ച് ചിന്തയുണ്ടാകുന്നു. അതിനുശേഷം ഓരോ നന്മയും മറ്റൊരു നന്മയിലേക്ക് കൊണ്ടുചെന്നെത്തിക്കുന്നു. മനുഷ്യന്റെ നന്മയുടെ തുലാസിന്റെ തട്ട്, അതിൽ ഏറ്റവും ഘനം കൂടിയ വസ്തു സൽസ്വഭാവമാണ്. ഒരു ത്രാസിൽ നന്മ വെച്ചാൽ, നന്മയുടെ ഭാരം കൂടിക്കൂടിവരുമ്പോൾ, ഏറ്റവും കൂടുതൽ ഘനം ഉണ്ടാകുന്നത് സൽസ്വഭാവമായിരിക്കും. സൗമ്യതയോടും പുഞ്ചിരിച്ചുകൊണ്ടും സംസാരിക്കേണ്ടതാണ്. അതുകൊണ്ട് ഈ ദിനങ്ങളിൽ ഡ്യൂട്ടി ചെയ്യുന്ന ഭാരത്തോടൊപ്പം, അസഹനീയമായ കാര്യങ്ങൾ നേരിടേണ്ടിവരുന്നതിനോടൊപ്പം എപ്പോഴും പുഞ്ചിരിച്ചുകൊണ്ട് സംസാരിക്കാൻ ശ്രമിക്കുക. ഈ ബാഹ്യമായ കാര്യങ്ങൾ പ്രവർത്തകർ പാലിക്കുകയാണെങ്കിൽ- മനസ്സ് വരുന്നില്ലെങ്കിലും നിങ്ങൾ അത് ചെയ്യുകതന്നെ വേണം- അതുമുഖേന നിങ്ങളുടെ പ്രതികരണവും നിങ്ങളുടെ നിയന്ത്രണത്തിൽ നിലനില്ക്കുന്നതാണ്.

നമ്മുടെ യജമാനരായ ഹസ്റത്ത് മുഹമ്മദ് മുസ്തഫ(സ)യേക്കാൾ കൂടുതൽ പ്രയാസങ്ങളിൽ അകപ്പെട്ട ഒരു വ്യക്തിയും ഉണ്ടായിട്ടില്ല. ചിലപ്പോൾ ചില ബുദ്ധിമുട്ട്, ചിലപ്പോൾ ശത്രുക്കളെക്കൊണ്ടുള്ള ബുദ്ധിമുട്ട്. ചിലപ്പോൾ യുദ്ധത്തിന്റെ ബുദ്ധിമുട്ട്. ചിലപ്പോൾ വേറെതരത്തിലുള്ള ബുദ്ധിമുട്ട്. അവിടത്തെക്കാളധികം ആർക്കും ബുദ്ധിമുട്ടനുഭവിക്കേണ്ടി വന്നിട്ടില്ല. അതിനെക്കുറിച്ച് ചിന്തിക്കാൻപോലും കഴിയില്ല. ഇതിനേക്കാളുപരി അല്ലാഹു ഏല്പിച്ചിരിക്കുന്ന ഉത്തരവാദിത്തം പൂർത്തിയാക്കാനുള്ള ചിന്തയും! ഭൗതികദൃഷ്ടിയോടെ നോക്കിയാൽ ബുദ്ധിമുട്ടുകളാൽ വലയം ചെയ്തിരിക്കുന്ന അവസ്ഥയാണ് നാം കാണുക. ഉമ്മത്തിനെക്കുറിച്ചുള്ള ചിന്തയാണെങ്കിൽ അത് ആലോചിക്കാനെ കഴിയുകയില്ല. ഈ ചിന്തയ്ക്കുള്ള കാരണം, അവരെ നന്നാക്കേണ്ടുന്ന ഉത്തരവാദിത്തവും ആ മഹാത്മാവിനെയാണ് അല്ലാഹു ഏല്പിച്ചിട്ടുള്ളത്. അതെങ്ങനെ നിറവേറ്റും എന്ന ചിന്തയാണ്. എത്രത്തോളം ദൈവഭയം ആ മഹാത്മാവിലുണ്ടായിരുന്നുവോ അത് വേറെ ആരിലെങ്കിലും ചിന്തിക്കാനേ പറ്റുകയില്ല. തഖ്‌വ കൂടുന്നതിനനുസരിച്ച് അല്ലാഹുവിനോടുള്ള ഭയത്തിന്റെ അവസ്ഥയും കൂടിക്കൊണ്ടിരിക്കും. അതും നബി(സ)യിൽ വളരെ ഉന്നതി പ്രാപിച്ചിരുന്നു. ഈ ഉമ്മത്തിനോടുള്ള ഉത്തരവാദിത്വത്തെക്കുറിച്ച് ചിന്തിച്ചപ്പോൾ അവിടന്ന് പറഞ്ഞു: ഹൂദ് എന്ന അദ്ധ്യായം എന്നെ കിഴവനാക്കിക്കളഞ്ഞു. കാരണം, ആ അദ്ധ്യായത്തിലാണ് ആ ഉത്തരവാദിത്തങ്ങളെക്കുറിച്ച് പറഞ്ഞിട്ടുള്ളത്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. താൻ നന്നായിക്കൊള്ളാമെന്ന് ഓരോരുത്തർക്കും പറയാൻ കഴിയും. എന്നാൽ മറ്റുള്ളവരുടെ ഉത്തരവാദിത്തം ഏറ്റെടുക്കുക വളരെ ദുഷ്കരമായ പ്രവൃത്തിയാണ്. എന്നാൽ നബി(സ) അല്ലാഹുവിന്റെ കല്പനയനുസരിച്ച് ആ ഉത്തരവാദിത്തം ഏറ്റെടുത്തു. ദുആ ചെയ്തുകൊണ്ട് ആ പ്രവൃത്തികൾ മനോഹരമായി നിറവേറ്റുകയും ചെയ്തു. എന്തായാലും, എപ്പോഴും ഒരു ചിന്ത നബി(സ)നുണ്ടായിരുന്നു. തന്റെ കാലത്തുള്ള മുസ്‌ലിംകളെക്കുറിച്ചു മാത്രമല്ല, ഖിയാമത്തുനാൾവരെയുള്ള മുസ്‌ലിംകളെക്കുറിച്ചുള്ള ചിന്തയായിരുന്നു അത്. ഇത്രയൊക്കെ ചുമതലകൾ നിറവേറ്റാനുണ്ടായിട്ടും അവിടത്തെ സൽസ്വഭാവത്തിന്റെ നില എന്തായിരുന്നു.

അബ്ദുല്ലാഹ് ബിൻ ഹാരിസ്(റ) പറയുന്നു: ഞാൻ നബി(സ)യേക്കാൾ അധികം പുഞ്ചിരിയോടെയിരിക്കുന്ന ഒരു വ്യക്തിയെ എങ്ങും കണ്ടിട്ടില്ല. ചിരിച്ചും സന്തോഷിച്ചുമിരിക്കുന്ന ഒരു മുഖവും നബി(സ)യുടേതു പോലെ കണ്ടിട്ടില്ല. ഇതാണ് നബി(സ) തിരുമേനിയുടെ ഉന്നതമായ നില.

പിന്നീട് അവിടന്ന് നമ്മെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു. ആരാണോ സൗമ്യമായ സ്വഭാവത്തിൽ നിന്ന് പിന്തള്ളപ്പെട്ടത്, അവൻ നന്മയിൽനിന്നും പിന്തള്ളപ്പെടും. അതുകൊണ്ട്, നന്മകൾ സമ്പാദിക്കാനും നല്ലത് സ്വരുക്കൂട്ടാനുമുള്ള അവസരമാണ് വർഷത്തിനുശേഷം നമുക്ക് കിട്ടിയിരിക്കുന്നത്. ഇതിൽ ഓരോ അഹ്മദിയും പ്രത്യേകിച്ച് പ്രവർത്തകർ നല്ലവണ്ണം ശ്രമിക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ അതിഥി സൽക്കാരത്തോടൊപ്പം, മസീഹ് മൗഊദ്(അ)ന്റെ അതിഥികളെ സൽക്ക

രിക്കുന്നതോടൊപ്പം ഈ സൽസ്വഭാവവും- അതിഥിയുടെ കടുത്തസംസാരത്തിലും സ്വയം നിയന്ത്രിച്ചുകൊണ്ട് വിട്ടുവീഴ്ച ചെയ്യുക എന്നത് തീർച്ചയായും നിങ്ങളിൽ നന്മകൾ നിറയ്ക്കുന്നതാണ്. എന്നല്ല, അസംഖ്യം അനുഗ്രഹങ്ങളും നന്മകളും അല്ലാഹു അതിനു പകരമായി നിങ്ങൾക്ക് നല്കുന്നതാണ്.

അതിഥികളുടെ ലോലമായ വികാരങ്ങളെ പ്രതിപാദിച്ചുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അതിഥികളുടെ മനസ്സ് കണ്ണാടിപോലെ ലോലമാണ്. അല്പം ക്ഷതമേറ്റാൽ അത് പൊട്ടിപ്പോകുന്നു. ഇതും അതിഥികൾക്ക് സേവനം ചെയ്യുന്നവർക്കുള്ള ഒരു പാഠമാണ്. അതുകൊണ്ട് അതിഥികളോട് പരുഷമായി പെരുമാറാൻ പാടില്ല. അഥവാ അതിഥികൾക്ക് എന്തെങ്കിലും ബലഹീനതയുണ്ടായാൽതന്നെ, നിങ്ങളുടെ ഉന്നതമായ സൽസ്വഭാവം കണ്ടുകൊണ്ട്, അവർ തങ്ങളുടെ അവസ്ഥ മാറ്റാൻ ശ്രമിക്കുന്നതാണ്. ഇപ്രകാരം നിങ്ങൾ ആരെയെങ്കിലുമൊക്കെ നന്നാക്കിത്തീർക്കുന്നവരുമായിത്തീരും.

ഹസ്റത്ത് മസീഹ് മൗഊദ്(അ) ഒരവസരത്തിൽ പറഞ്ഞു: നോക്കുക. ഒരുപാട് അതിഥികൾ എത്തിയിട്ടുണ്ട്. അവരിൽ ചിലരെ നിങ്ങൾക്കറിയാം. എന്നാൽ ചിലരെ അറിയില്ല. അതുകൊണ്ട് എല്ലാവരും ബഹുമാനത്തിന് അർഹരാണെന്ന് അറിഞ്ഞുകൊണ്ട് അവരെ സേവിക്കുക. ഈ അടിസ്ഥാനപരമായ നിയമം എപ്പോഴും ഓർമ്മവയ്ക്കുക. പ്രത്യേകിച്ച് ഭക്ഷണം വിതരണം ചെയ്യുന്ന വകുപ്പ്. ഇന്ന അതിഥിയെ കൂടുതലായി പരിഗണിച്ചുവെന്നും, ഇന്ന അതിഥിയെ അവഗണിച്ചുവെന്നുമുള്ള തോന്നൽ ഒരു അതിഥിയ്ക്കും ഉണ്ടാകാൻ ഇടകൊടുക്കരുത്. അല്ലെങ്കിൽ ഇന്ന അതിഥിക്ക് കൂടുതൽ സൗകര്യം ചെയ്തുകൊടുത്തു, ഇന്ന അതിഥിയോട് അങ്ങനെ പെരുമാറിയില്ല തുടങ്ങിയ പരാതികൾക്ക് പഴുതുണ്ടാക്കുകയും അരുത്.

ചിലപ്പോൾ രോഗികൾക്കു വേണ്ടിയും ചില പ്രത്യേക രാജ്യത്തെ പ്രതിനിധികൾക്കു വേണ്ടിയും മറ്റും പ്രത്യേക ഭക്ഷണം തയ്യാറാക്കാറുണ്ട് എന്നത് ശരിതന്നെയാണ്. അവർക്ക് ഭാഷ അറിയാത്ത കാരണത്താൽ പ്രത്യേക സ്ഥലത്തിരുത്തേണ്ടിയും വരുന്നു. അനഹ്മദികളായ മാന്യവ്യക്തികളും വരാറുണ്ട്. അവരേയും പരിഗണിക്കണം. എന്തായാലും അതിഥിസൽക്കാരത്തിന്റെ പൊതുവായിട്ടുള്ള നിയമം, എല്ലാ അതിഥികളോടും ഒരുപോലെ പെരുമാറണമെന്നുള്ളതുതന്നെയാണ്.

ഇപ്രാവശ്യം പാക്കിസ്ഥാനിൽനിന്നും മറ്റു രാഷ്ട്ര ങ്ങളിൽനിന്നും ധാരാളം അതിഥികൾ എത്തിയിട്ടുണ്ട്. വന്നുകൊണ്ടിരിക്കുകയുമാണ്. ചിലർ ആദ്യമായിട്ടാണ് വിദേശയാത്ര ചെയ്യുന്നത്. അവരുടെ വിദ്യാഭ്യാസവും വളരെ നിസ്സാരമാണ്. എന്നല്ല, ഇല്ലാത്തതിനു തുല്യമാണ്. പലരും ഞാനുമായി കണ്ടു. അവർ വികാരഭരിതരായിക്കൊണ്ട്, ജൽസയിൽ പങ്കെടുക്കാനും താങ്കളെ കാണുന്നതിനുവേണ്ടിയുമാണ് വന്നിട്ടുള്ളതെന്ന് പറഞ്ഞു. അത്തരക്കാരെ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ദരിദ്രരാണ്. അതുകൊണ്ട് ശ്രദ്ധിക്കേണ്ടതില്ല എന്നു ധരിക്കരുത്. ആരുടെയെങ്കിലും കീറിപ്പറിഞ്ഞ വസ്ത്രം കണ്ടുകൊണ്ട്, അയാളെ സൽക്കരിക്കേണ്ട ആവശ്യമില്ലെന്ന് കരുതരുതെന്നും അതിഥി, അതിഥി തന്നെയാണെന്നും ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുകയുണ്ടായി. വന്നിട്ടുള്ള ചിലർ തങ്ങളുടെ ബന്ധുക്കളുടെ വീട്ടിലാണ് താമസിക്കുന്നത്. എന്നാൽ, ചിലർ ജമാഅത്ത് ഒരുക്കിയിട്ടുള്ള സ്ഥലത്തും താമസിക്കുന്നു. ജൽസയുടെ മൂന്നു ദിവസങ്ങളിൽ ഇവരെല്ലാവരും ജമാഅത്തിന്റെ അതിഥികൾ തന്നെയാകേണ്ടവരാണ്. ഇത്തരക്കാർക്ക് ഇവിടെത്തെ ചില കാര്യങ്ങൾ പരിചയമുണ്ടാവുകയില്ല. അവർക്കത് തികച്ചും പുതിയതായിരിക്കും. അതുകൊണ്ട് അവരെ പ്രത്യേകം ശ്രദ്ധിക്കുക. അവർക്ക് ഒരുതരത്തിലുള്ള തോന്നലുകളും ഉണ്ടാകാത്തവിധം അവരെ സേവിക്കേണ്ടതാണ്. ആരുടെയടുത്താണോ തങ്ങളുടെ ബന്ധുക്കൾ താമസിച്ചിട്ടുള്ളത്, ചിലപ്പോൾ അത്തരക്കാർ ആദ്യമേ വളരെ ആവേശത്തോടെ വീട്ടിലേക്ക് അവരെ വിളിച്ചുകൊണ്ടുപോകും, ക്ഷണിക്കുകയും ചെയ്യും. പക്ഷേ, പിന്നീട് അസ്വസ്ഥത ഉണ്ടാകാൻ തുടങ്ങുന്നു. അടുത്തബന്ധുക്കളോട് സന്തോഷത്തോടെയും നല്ല നിലയിലും പെരുമാറുമെങ്കിലും അവിടെ താമസിക്കുന്ന മറ്റുള്ളവരോട് ആ രീതിയിലുള്ള സമീപനം ഉണ്ടാകുകയില്ല. അതിഥിസൽക്കാരത്തിന്റെ ഉത്തരവാദിത്തം നിങ്ങളെ ഏല്പിച്ചിട്ടുണ്ടെങ്കിൽ അവരോട് ബന്ധുക്കളോടെന്നപോലെ പെരുമാറേണ്ടതാണ്.

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് മറ്റുള്ളവരുടെ വിഷമങ്ങളെക്കുറിച്ച് എത്രമാത്രം ബോധം ഉണ്ടായിരുന്നുവെന്ന് നോക്കുക. അതുസംബന്ധമായി

ഒരു സംഭവം ഇങ്ങനെ വിവരിക്കപ്പെട്ടിരിക്കുന്നു. കേസ്സിനായി ഗുരുദാസ്പൂരിലേക്ക് പോകുന്ന അവസരത്തിൽ ഒരുപാടാളുകൾ അവിടത്തോടൊപ്പം ഉണ്ടാകുമായിരുന്നു. താൻ കാരണമാണ് ഇവരെല്ലാവരും വരുന്നതെന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) മനസ്സിലാക്കിയിരുന്നു. അതുകാരണം അവർ തന്റെ അതിഥികളാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു സ്വഹാബിയായ ബാബു ഗുലാം മുഹമ്മദ് സാഹിബ് പറയുന്നു: 'ഞങ്ങൾ ഗുരുദാസ്പൂരിലെത്തിയപ്പോൾ, നല്ല തണുപ്പുണ്ടായിരുന്നു. രാത്രി ഭക്ഷണത്തിനുശേഷം ഹുസൂർ ഞങ്ങൾ എല്ലാവരോടും നിങ്ങൾ ക്ഷീണിതരാണ് അതുകൊണ്ട് ഉറങ്ങിക്കൊള്ളാൻ പറഞ്ഞു. ഞങ്ങളെല്ലാവരും അവരവരുടെ കിടക്കസ്ഥലത്ത് കിടന്നു. കുറച്ചുനേരത്തിനുശേഷം ഹസ്റത്ത് മസീഹ് മൗഊദ്(അ) ശബ്ദമുണ്ടാക്കാതെ എഴുന്നേറ്റ്, റാന്തൽ കൈയിലെടുത്ത് ഓരോരുത്തരുടേയും കിടക്ക നോക്കാൻ തുടങ്ങി. ഘനം കുറഞ്ഞ പുതപ്പ് പുതച്ച് കിടന്നവരുടെമേൽ തന്റെ പുതപ്പിൽനിന്ന് ഏതെങ്കിലും എടുത്ത് അവിടന്ന് പുതപ്പിക്കാൻ തുടങ്ങി. ഇങ്ങനെ ഹസ്റത്ത് മസീഹ് മൗഊദ്(അ) 6, 7 ആളുകളുടെമേൽ തന്റെ കൈയിലുണ്ടായിരുന്ന വിവിധ സാധനങ്ങൾ ഇട്ട് പുതപ്പിച്ചു. ഇവരെല്ലാവരും തനിക്കുവേണ്ടിയാണ് വന്നതെന്ന ചിന്തയായിരുന്നു ഹസ്റത്ത് മസീഹ് മൗഊദ്(അ)നെക്കൊണ്ട് ഇത് ചെയ്യിച്ചത്.

അതുകൊണ്ട്, ഈ സുന്നത്തിനെ നിലനിറുത്തിക്കൊണ്ട്, ഹസ്റത്ത് മസീഹ് മൗഊദ്(അ)നുവേണ്ടി ഇവിടെ വരുന്ന ആളുകളെ പരിപൂർണ്ണമായും സൽക്കരിക്കേണ്ടത് ഇന്ന് നമ്മുടെ കടമയാണ്. ഞാൻ പറഞ്ഞത്, ആദ്യമായി ഇവിടെ വന്നിട്ടുള്ളവരുണ്ട് എന്നാണ്. ഇപ്രാവശ്യം പാക്കിസ്ഥാൻ എംബസി തുറന്ന ഹൃദയത്തോടെ പെരുമാറിയിട്ടുണ്ട്. ഒരുപാടാളുകൾക്ക് അനുവാദം നല്കി. അല്ലാഹു അവർക്ക് പ്രതിഫലം നല്കുമാറാകട്ടെ. പക്ഷേ, ഇപ്പോൾ നമ്മുടെ അതിഥിസൽക്കാര വകുപ്പിന്റേയും ഇവിടെത്തെ ആളുകളുടേയും ബാധ്യതയാണ് അതിഥിസൽക്കാരത്തിന്റെ ഉന്നതമായ മാതൃക കാഴ്ചവയ്ക്കുക എന്നത്. നമ്മുടെ ഗ്രാമവാസികളായ അഹ്മദികൾ ഇന്ന് വലിയ ആതിഥ്യമരുളുന്നവരാണ്. പട്ടണങ്ങളുമായിട്ടുള്ള ബന്ധം കാരണത്താൽ, ചില തിന്മകൾ അവരിൽ കടന്നുകൂടിയിട്ടുണ്ട്. ചില നല്ല കാര്യങ്ങൾ ഇല്ലാതാകുകയും ചെയ്തിട്ടുണ്ട്. പക്ഷേ, ഇപ്പോഴും അതിഥിസൽക്കാര ഗുണം ഗ്രാമങ്ങളിൽ നിലനില്ക്കുന്നുണ്ട്. ലോകത്തെല്ലായിടത്തും ഇതു തന്നെയാണ്. അതുകൊണ്ട് ഈ വരുന്ന അതിഥികൾക്ക്, ഏറ്റവും ഉന്നതമായ സ്വഭാവവും അതിഥിസൽക്കാരവും പാക്കിസ്ഥാനിലേയും മറ്റു ദരിദ്രരാഷ്ട്രങ്ങളിലേയും ഗ്രാമങ്ങളിൽ മാത്രമല്ല, പ്രത്യുത ഇക്കാലത്തെ ഇമാമിനെ വിശ്വസിച്ചതിനുശേഷം ഈ സവിശേഷഗുണം ഓരോ അഹ്മദിയുടേയും പ്രത്യേകതയാണെന്ന് നിങ്ങളുടെ അതിഥിസൽക്കാരത്തിന്റെ മാതൃകയിലൂടെ പറഞ്ഞുകൊടുക്കുക. അവർ യൂറോപ്പിൽ താമസിക്കുന്നവരാകട്ടെ, അമേരിക്കയിൽ താമസിക്കുന്നവരാകട്ടെ, അല്ലെങ്കിൽ ലോകത്തിലെ ഏത് രാഷ്ട്രങ്ങളിൽ വസിക്കുന്നവരാകട്ടെ. സവിശേഷമായ സൽസ്വഭാവങ്ങളുടെ മൂല്യങ്ങൾ, സാമൂഹികമായ ജീവിതവും ജീവിതനിലവാരവും, വിഭിന്നമായിരുന്നിട്ടും ഇസ്ലാം നമുക്ക് പഠിപ്പിച്ചുതന്നിട്ടുള്ളതു തന്നെയാണ്. ഈ മാതൃക നബി (സ) തിരുമേനിയും അതിനുശേഷം ഹസ്റത്ത് മസീഹ് മൗഊദ്(അ)യും നമ്മെ പഠിപ്പിച്ചതാണ്.

അതിഥികളോട് പുഞ്ചിരിയോടും ഉന്നതമായ സൽസ്വഭാവത്തോടും സന്തോഷത്തോടുംകൂടി സംസാരിക്കേണ്ടത് ഈ ദിനങ്ങളിൽ പ്രത്യേകിച്ചും നിങ്ങളെ തിരിച്ചറിയാനുള്ള ലക്ഷണമായിത്തീരേണ്ടതാണ്.

ഈ വർഷം ഇൻശാഅല്ലാഹ് ഈ ജൽസ 'ഹദീഖത്തുൽ മഹ്ദി' എന്ന പുതിയ സ്ഥലത്താണ് നടക്കാൻ പോകുന്നത്. ഈ സ്ഥലത്തുള്ള ആളുകൾക്ക് ചില ആശങ്കകൾ ഉണ്ടായിരുന്നു. സ്ഥലം ഒരുപാട് വാങ്ങിയതുകൊണ്ട് പുറത്തുനിന്ന് ചില എതിർപ്പുകളും ഉണ്ടായിരുന്നു. അത് ജമാഅത്തിടപ്പെട്ട് ഏകദേശം പരിഹരിച്ചുകഴിഞ്ഞു. അൻസാറുല്ലായുടെ പരിപാടിയും പരിസരവാസികളിൽ നല്ല സ്വാധീനമുണ്ടാക്കി. അവരുടെ സംശയങ്ങളകറ്റി അതിനെ കൂടുതൽ ശക്തിപ്പെടുത്തേണ്ടതും നിങ്ങളുടെ ജോലിയാണ്. പ്രത്യേകിച്ച് ഡ്യൂട്ടി ചെയ്യുന്നവർ. ട്രാഫിക് ശരിയായ നിലയിൽ നിയന്ത്രണത്തിലാകാനും ജനങ്ങൾ ശരിയായ നിലയിൽ വഴിനടക്കാനും ചുറ്റുപാടുള്ള ജനങ്ങൾ വരികയാണെങ്കിൽ അവരിൽ നല്ല സ്വാധീനം സൃഷ്ടിക്കാനും ശ്രദ്ധിക്കേണ്ടതാണ്. ഭാവിയിൽ അവർ ഒരുതരത്തിലുള്ള തടസ്സങ്ങളും സൃഷ്ടിക്കാൻ പാടില്ല. ഡ്യൂട്ടിയിലുള്ളവരിൽ ചിലർ ആരാണ് മുമ്പിൽ നില്ക്കുന്നതെന്ന് നോക്കാറില്ല. ട്രാഫിക് നിയന്ത്രിച്ച് നിയന്ത്രിച്ച് ചിലപ്പോൾ അതിരുകവിഞ്ഞു പോകാറുണ്ട്. അതിലും പ്രത്യേകം ശ്രദ്ധിക്കേണ്ടതാ

ണ്. ആദ്യത്തെക്കാൾ കൂടുതൽ മാതൃക കാണിക്കുക. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാവരും പരിശീലനം സിദ്ധിച്ചവരാണ്. നല്ലനിലയിൽ ചുമതലകൾ നിറവേറ്റുന്നവരാണ്.

ഇപ്രാവശ്യം ചില ഉത്തരവാദിത്തങ്ങൾ വീതിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. താമസിക്കാനും, ഭക്ഷണത്തിനുമുള്ള ഏർപ്പാടുകൾ കുറച്ച് ഇസ്‌ലാമാബാദിലും ചെയ്തിട്ടുണ്ട്. അതുകൊണ്ട് അവിടെയും നമ്മുടെ പാരമ്പര്യം നിലനിറുത്തേണ്ടതാണ്. അവിടെത്തെ ആളുകൾക്കും ഒരുവിധത്തിലുള്ള പരാതിയും ഉണ്ടാകാൻ പാടില്ല. പലപ്പോഴും അവിടെ സ്ഥിരമായ പരാതി ഉണ്ടാകാറുണ്ട്. ബുദ്ധിമുട്ടിക്കാൻ വേണ്ടിയും അങ്ങനെ ചെയ്യാറുണ്ട്. അതുകൊണ്ട് ആർക്കും നാം പരാതിക്ക് ഇടകൊടുക്കരുത്. രണ്ടിടത്തും വിതരണം നടക്കുന്ന കാരണത്താൽ, ചില വകുപ്പുകളുടെ ഓഫീസർമാർക്ക് അവരുമായി എപ്പോഴും ബന്ധം നിലനിർത്താൻ കഴിഞ്ഞുവെന്നു വരില്ല. അങ്ങനെ വരുമ്പോൾ ഓരോ പ്രവർത്തകരും, തങ്ങൾ അതിന് ഉത്തരവാദികളാണെന്ന് മനസ്സിലാക്കി പ്രവർത്തിക്കണം. ആദ്യത്തെക്കാൾ കൂടുതൽ നമ്മുടെ കടമകൾ നിറവേറ്റാൻ ശ്രമിക്കുക.

അല്ലാഹു നിങ്ങൾക്കെല്ലാവർക്കും, നല്ല നിലയിൽ ജൽസയ്ക്ക് ഉത്തരവാദിത്തങ്ങൾ നിർവഹിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇവിടെ വരുന്ന അതിഥികൾക്ക് നിങ്ങൾക്കെതിരിൽ ഒരു പരാതിയും ചൂണ്ടിക്കാണിക്കാൻ അവസരം ഉണ്ടാകാതിരിക്കട്ടെ.

എപ്പോഴും ഓർമ്മിക്കുക. നമ്മുടെ ഏറ്റവും വലിയ ആയുധം ദുആയാണ്. അതുകൊണ്ട് എപ്പോഴും ദുആയിൽ നിരതരാകുക. ഏതു നല്ല പ്രവൃത്തിയും തങ്ങളുടെ പരിചയം കൊണ്ടാണെന്ന് കരുതരുത്. നമ്മളിലെ ആരും ഏത് പ്രവർത്തി ചെയ്താലും അതെല്ലാം അല്ലാഹുവിന്റെ ഫള്‌ല് ഒന്നുകൊണ്ടുമാത്രമാണ്. അതുകൊണ്ട് അവന്റെ അനുഗ്രഹത്തെ സ്വാംശീകരിക്കാൻ, അവന്റെ തിരുസന്നിധിയിൽ കുനിയേണ്ടതും നിർബന്ധമാണ്. ജൽസയ്ക്ക് വരുന്ന ഓരോരുത്തരും ദുആയിൽ സമയം ചെലവഴിക്കുക. നമ്മെ എപ്പോഴും സഹായിക്കുന്ന അല്ലാഹുവിനെ ഒരിക്കലും മറന്നുകളയരുത്.

ഓഫീസർമാരും ഓർമ്മിക്കേണ്ടതാണ്. അവരെ നിയമിച്ചിട്ടുള്ളത് ആ സ്ഥാനം മുഖേന ജനങ്ങളെ സേവിക്കുക എന്നതാണ്. തങ്ങളുടെ പ്രവൃത്തിയെക്കുറിച്ച് പരിശോധിക്കുന്നതിനോടൊപ്പം തർബിയ്യത്തിന്റെ അടിസ്ഥാനത്തിൽ തങ്ങളുടെ പ്രവർത്തകരെ വിലയിരുത്തേണ്ടതാണ്. അതിഥികൾക്ക് കൂടുതൽ കൂടുതൽ എളുപ്പമായ മാർഗ്ഗം കാട്ടിക്കൊടുക്കുന്നവരായി നിങ്ങൾ തീരണം. ദുആയിൽ ശക്തിചെലുത്തിക്കൊണ്ട് സ്വന്തം പ്രവർത്തനങ്ങളിൽ മുഴുകുകയും വേണം. അല്ലാഹു എല്ലാവർക്കും അതിന് തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 14.7.2006 at Baithul Futuh, London

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala
Web: www.alislam.org